## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 269

15.2.2013- ൽ
മറുപടിക്ക്

### കയർ തൊഴിലാളികളുടെ മിനിമം വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>,, മോൻസ് ജോസഫ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി. യു. കുരുവിള | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ ; | (എ) കയർ തൊഴിലാളികളുടെ മിനിമം വേതനം കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. കയർപിരി മേഖലയിൽ മിനിമം വേതനം പരിഷ്കരിച്ചിട്ട് ഒരു വർഷവും, ഉൽപ്പന്നമേഖലയിൽ മിനിമം വേതന പരിഷ്കരണം കഴിഞ്ഞിട്ട് ഒന്നരവർഷവും മാത്രമേ ആയിട്ടുള്ളൂ.<br><br>കയർപിരി മേഖലയിലെ കുറഞ്ഞ കൂലി മാനദണ്ഡങ്ങൾക്ക് വിധേയമായി 02.02.2012 മുതൽ 210/- രൂപയായി നിജപ്പെടുത്തി ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഉൽപ്പന്നമേഖലയിലെ കുറഞ്ഞകൂലി 285/- രൂപയായി 08/08/2011 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത തൊഴിലാളികളുടെ വേതനം ചോദ്യം (എ) യിൽ സൂചിപ്പിച്ച പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) കയർ മേഖലയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) കയർ മേഖലയുടെ സമഗ്രവികസനത്തിന് നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാന കർമ്മ പരിപാടികൾ ചുവടെ കൊടുക്കുന്നു.<br>❖ കയർ മേഖലയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര വിഹിതം 3.00 കോടി ഉൾപ്പെടെ 104.70 കോടി രൂപ പദ്ധതി യിനത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയേതര ഇനത്തിൽ കയർ തൊഴിലാളി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽ |

| | |
|---|---|
| | കുന്നതിനായി 32 കോടിയും വകയിരുത്തി.<br>❖ കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി 210/- രൂപയും ഉത്പ്പന്ന മേഖലയിൽ 285/- രൂപയും ഉറപ്പുവരുത്തി.<br>❖ വിനോദ സഞ്ചാര മേഖലയുമായി സമന്വയിപ്പിച്ച് ഒരു മാതൃക കയർ ഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>❖ പ്രതിദിനം 8 മണിക്കൂർ കൊണ്ട് ഏകദേശം 60 കി.ഗ്രാം കയർ ഉല്പാദിപ്പിക്കാൻ കഴിയുന്നതും വിവിധയിനത്തിലുള്ള കയർ പിരിക്കാൻ കഴിയുന്നതുമായ ആധുനിക ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ എൻ സി ആർ എം ഐ തലത്തിൽ വികസിപ്പിച്ചു വരുന്നു.<br>❖ നിലവിലുള്ള തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് പുറമെ ചെറുതും വലുതുമായ ഡീഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചു കൊണ്ടും തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചു.<br>❖ പുനരുദ്ധാരണ പദ്ധതി പ്രകാരം നൽകുന്ന പ്രവർത്തന മൂലധന പരിധി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്ക് 7.5 ലക്ഷം രൂപയിൽ നിന്ന് 10.00 ലക്ഷം രൂപയായും മറ്റു സംഘങ്ങൾക്ക് 5.00 ലക്ഷം രൂപയിൽ നിന്ന് 7.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു.<br>❖ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു ആധുനിക പി.വി.സി. ടഫ്റ്റഡ് യൂണിറ്റ് ഉൾപ്പെടെയുള്ള സംയോജിത ഫാക്ടറി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>❖ ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഒരു കയർ കോംപസിറ്റ് ബോർഡ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.<br>❖ കയർ മേഖലയിലെ എല്ലാത്തരം മെഷീനറികളും നിർമ്മിക്കാനുതകുന്ന കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ ഉടൻ പ്രവർത്തനം ആരംഭിക്കും. |

സെക്ഷൻ ഓഫീസർ